# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 339 26.06.2012 -ലെ മറുപടി

**ബസ്സുകൾ വാങ്ങുന്നതിന് എടുത്ത വായ്പ**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. രാജു :<br>" മുല്ലക്കര രത്നാകരൻ :<br>" വി. എസ്. സുനിൽ കുമാർ :<br>ശ്രീമതി. ഇ. എസ്. ബിജിമോൾ : | ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജവും ഗതാഗതവും വകുപ്പു മന്ത്രി) |

| | | | |
|---|---|---|---|
| (എ) | കഴിഞ്ഞ പത്തുവർഷത്തിനുള്ളിൽ കെ.എസ്.ആർ.ടി.സി. ബസ്സുകൾ നിരത്തിലിറക്കുന്നതിനുവേണ്ടി കെ.എസ്.ആർ.ടി.സി. ഏതെല്ലാം സ്ഥാപനങ്ങളിൽ നിന്നും വായ്പയെടുത്തിട്ടുണ്ട്; എങ്കിൽ ഓരോ സ്ഥാപനങ്ങളിൽ നിന്നും എടുത്ത വായ്പാ തുക എത്ര വീതമാണെന്ന് വെളിപ്പെടുത്തുമോ; | (എ) | കഴിഞ്ഞ 10 വർഷത്തിനുള്ളിൽ താഴെ പറയുന്ന ധനകാര്യസ്ഥാപനങ്ങളിൽ നിന്നും ബസ് വാങ്ങുന്നതിന് വായ്പ എടുത്തിട്ടുണ്ട്.<br><br>LIC - 75.00 കോടി രൂപ<br>KTDFC - 115.00 കോടി രൂപ<br>HUDCO - 220.94 കോടി രൂപ<br>K.S.T Society (T133) Tvpm - 2.00 കോടി രൂപ |
| (ബി) | പ്രസ്തുത വായ്പ ഉപയോഗിച്ച് ഇതുവരെ നിരത്തിലിറക്കിയ ബസ്സുകളുടെ എണ്ണം എത്ര; ഇതിൽ എത്ര ബസ്സുകൾ നിലവിൽ സർവ്വീസ് നടത്തുന്നുണ്ട്; | (ബി) | 4,080 ബസ്സുകൾ നിരത്തിലിറക്കിയിട്ടുണ്ട്. ഇതിൽ 3,777 ബസ്സുകൾ ഇപ്പോൾ സർവ്വീസ് നടത്തുന്നുണ്ട്. |
| (സി) | പ്രസ്തുത വായ്പകളുടെ തിരിച്ചടവ് തുടങ്ങിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഓരോന്നിലും എത്രമാത്രം തിരിച്ചടവുണ്ടായി എന്ന് പറയാമോ; | (സി) | ഹഡ്കോയിൽ നിന്നും 2011 - 12 -ൽ അനുവദിച്ച 70 കോടി രൂപയുടെ വായ്പയിൽ 65 കോടി രൂപ മാത്രമേ എടുത്തിട്ടുള്ളൂ. ടി വായ്പയുടെ തിരിച്ചടവ് തുടങ്ങിയിട്ടില്ല. ബാക്കി എല്ലാ വായ്പകളും സമയബന്ധിതമായി തിരിച്ചടയ്ക്കുന്നുണ്ട്. ഹഡ്കോയിൽ നിന്നും 2003 - 04 കാലയളവിൽ എടുത്ത വായ്പയായ 25 കോടി രൂപ പൂർണ്ണമായി തിരിച്ചടച്ചിട്ടുണ്ട്. 2007 - 09 കാലയളവിൽ |

| | | | |
|---|---|---|---|
| | | | എടുത്ത 120.94 കോടി രൂപയുടെ വായ്പയിൽ 31.05.2012 വരെ 94.45 കോടി രൂപയും 2010 - 11 കാലയളവിൽ എടുത്ത 10 കോടി രൂപയിൽ 2.33 കോടി രൂപയും അടച്ച് തീർത്തിട്ടുണ്ട്. LIC -യിൽ നിന്നും വായ്പയിനത്തിൽ എടുത്ത 75 കോടി രൂപയിൽ 10 കോടി രൂപയും, KTDFC -യിൽ നിന്നും എടുത്ത 115 കോടി രൂപ വായ്പയിനത്തിൽ 24.15 കോടി രൂപയും അടച്ച് തീർത്തിട്ടുണ്ട്. കൂടാതെ KST (T.133) എംപ്ലോയീസ് സൊസൈറ്റിയിൽ നിന്നുമെടുത്ത 2 കോടി രൂപ വായ്പയിൽ മുഴുവൻ തുകയും അടച്ച് തീർത്തിട്ടുണ്ട്. |
| (ഡി) | ഡീസൽ, സ്പെയർ പാർട്ട്സുകൾ തുടങ്ങിയവ വാങ്ങിയ ഇനത്തിൽ കുടിശ്ശിക കൊടുത്തുതീർക്കാനുണ്ടോ; ഉണ്ടെങ്കിൽ എത്ര വീതമാണെന്ന് വിശദമാക്കുമോ? | (ഡി) | ഡീസൽ വാങ്ങിയ ഇനത്തിൽ 21.06.2012 വരെ I.O.C -യ്ക്ക് 10 കോടി 36 ലക്ഷം രൂപയും, H.P.C -യ്ക്ക് 1 കോടി 25 ലക്ഷം രൂപയും സ്പെയർ പാർട്സ് വാങ്ങിയ ഇനത്തിൽ വിവിധ കമ്പനികൾക്ക് 20.06.2012 -വരെ ലഭിച്ച G.R -കളുടെയും, ബില്ലുകളുടെയും അടിസ്ഥാനത്തിൽ ഒരു കോടി 15 ലക്ഷം രൂപയും കൊടുത്തു തീർക്കാനുണ്ട്. |

സെക്ഷൻ ഓഫീസർ